**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1924**
**07.12.2015-ാം തീയതിയിലെ മറുപടിയ്ക്ക്**

**<u>സർക്കാരിലേക്ക് പണയപ്പെടുത്തിയ വസ്തുവിന്റെ രണ്ടാം മോർട്ട്ഗേജ്</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീമതി. അയിഷാ പോറ്റി** | **ശ്രീ.ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
| (എ) സർക്കാർ ഉദ്യോഗസ്ഥർ സർക്കാരിലേയ്ക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്യുന്നതിനും ആയത് സ്വീകരിച്ച് അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ സർക്കാർ ഉദ്യോഗസ്ഥർക്ക് അധിക ഭവന നിർമ്മാണ മുൻകൂർ തുക നൽകുന്നതിനുമായി നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സർക്കാർ ഉദ്യോഗസ്ഥർ സർക്കാരിലേയ്ക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്യുന്നതിനും ആയത് സ്വീകരിച്ച് അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ സർക്കാർ ഉദ്യോഗസ്ഥർക്ക് അധിക ഭവന നിർമ്മാണ മുൻകൂർ തുക നൽകുന്നതിന് താഴെപറയുന്ന ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്.<br><br>1) 31.07.1991 ലെ സ.ഉ (പി) നം. 436/91/ധന പ്രകാരം സർക്കാർ ജീവനക്കാർക്ക് രണ്ടാം മോർട്ട്ഗേജ് വഴി മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെ 70 ഇരട്ടി (പരമാവധി 3 ലക്ഷം രൂപ വരെ) വായ്പ ലഭിക്കും എന്ന് ഉത്തരവായിട്ടുണ്ട്.<br><br>2) 7.05.1997 ലെ സ.ഉ (പി) നം. 528/97/ധന പ്രകാരം വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 90 ഇരട്ടി (പരമാവധി 4 ലക്ഷം രൂപ വരെ) ഉയർത്തി.<br><br>3) 22.07.1999 ലെ സ.ഉ (പി) നം. 1610/99/ധന പ്രകാരം വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി (പരമാവധി 10 ലക്ഷം രൂപ വരെ) |

| | |
|---|---|
| | ഉയർത്തി ഉത്തരവായി.<br><br>4) 11.02.2008 ലെ സ.ഉ (പി) നം. 76/08/ധന പ്രകാരം സർക്കാർ ജീവനക്കാർക്ക് രണ്ടാം മോർട്ട്ഗേജ് വഴി മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ വായ്പ കൂടി എടുക്കാമെന്ന് ഉത്തരവായി.<br><br>5) 18.02.2013 ലെ സ.ഉ (പി) നം. 87/13/ധന പ്രകാരം വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി (പരമാവധി 25 ലക്ഷം രൂപ വരെ) ഉയർത്തി ഉത്തരവായി. |
| (ബി) പ്രസ്തുത ഉത്തരവ് പ്രകാരം ജീവനക്കാർക്ക് വായ്പ നൽകുന്നതിന് എസ്.ബി.ഐ. ഉൾപ്പെടെയുള്ള പ്രധാന ബാങ്കുകൾ വിമുഖത കാണിക്കുന്നതും പ്രസ്തുത ഉത്തരവ് പ്രകാരം ആനുകൂല്യം ജീവനക്കാർക്ക് ലഭ്യമാക്കാൻ നൽകിയ 31.05.14-ലെ നം: 52.2014-ധന. നമ്പർ സർക്കുലറിലെ നിർദ്ദേശം പാലിയ്ക്കാൻ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ തയ്യാറാകാത്ത സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇല്ല |
| (സി) പ്രസ്തുത സർക്കുലർ നിർദ്ദേശം പാലിച്ച് ജീവനക്കാർക്ക് ധനകാര്യ സ്ഥാപനങ്ങൾ വായ്പ ലഭ്യമാക്കുന്ന എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | ഉദിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**